<table>
<tr><td colspan="4" align="center">പതിമൂന്നാം കേരള നിയമസഭ</td></tr>
<tr><td colspan="4" align="center">പതിനൊന്നാം സമ്മേളനം</td></tr>
<tr><td colspan="2">നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 422*</td><td colspan="2">27.06.2014-ൽ മറുപടിക്ക്</td></tr>
<tr><td colspan="4" align="center">ബാലാവകാശ കമ്മീഷൻ ഓൺലൈൻ നിരീക്ഷണ സംവിധാനം</td></tr>
<tr><td colspan="2" align="center">ചോദ്യം</td><td colspan="2" align="center">ഉത്തരം</td></tr>
<tr><td colspan="2">ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ</td><td colspan="2" align="center">ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ബാലാവകാശകമ്മീഷന്റെ ഓൺലൈൻ നിരീക്ഷണ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">ഉണ്ട്. വിദ്യാഭ്യാസാവകാശ നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവകാശം നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള പൂർണ്ണ അധികാരം കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിനായി കമ്മീഷനിൽ ആർ.ടി.ഇ. നിരീക്ഷണസെൽ പ്രവർത്തിച്ചു വരുന്നു. കമ്മീഷന്റെ വെബ്സൈറ്റായ www.kescpcr.kerala.gov.in മുഖേന ഈ സംവിധാനത്തിലേയ്ക്ക് പ്രവേശിക്കാം. വിദ്യാഭ്യാസ അവകാശം നിരീക്ഷിക്കുന്ന തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള IT@School-ന്റെ സഹായത്തോടെ "നിരീക്ഷണ" (www.nireekshana.org.in) എന്ന പേരിൽ ഒരു ഓൺലൈൻ നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ഈ സൗകര്യം വിനിയോഗിച്ച് വിദ്യാഭ്യാസ അവകശനിയമവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാനും പരാതി നൽകാനും കഴിയും. ഇതിന്മേലുള്ള തുടർ നടപടികളും ഓൺലൈനായി തന്നെ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. ഇതിനു പുറമെ കുട്ടികൾക്ക് സംശയ നിവാരണത്തിനായി സംവാദം എന്ന പേരിൽ ഒരു ഓൺലൈൻ ചാറ്റിംഗ് സംവിധാനവും ആശയവിനിമയത്തിനായി ഫെയ്സ്ബുക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി എങ്ങനെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;</td></tr>
</table>

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംവിധാനത്തിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിന് വേണ്ടി ഓൺലൈനായി ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്കു പരാതിയുടെ സ്വഭാവമനുസരിച്ച് ഓൺലൈനായി അയച്ചു കൊടുക്കുകയും അതിന്മേലുള്ള റിപ്പോർട്ട് സമയബന്ധിതമായി ഓൺലൈനായി തന്നെ വാങ്ങുകയും ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് പരാതി തീർപ്പാക്കുകയോ കൂടുതൽ അന്വേഷണവും, തെളിവെടുപ്പും ആവശ്യമായ കേസുകളിൽ തുടരന്വേഷണം നടത്തി പരാതി പരിഹാരത്തിനു ശ്രദ്ധിക്കുയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയ്ക്കു ശുപാർശ നൽകുകയുമാണ് ചെയ്യുന്നത്. ഇതിനു പുറമെ കുട്ടികൾക്ക് സംശയ നിവാരണത്തിനായി ''സംവാദം'' എന്ന പേരിൽ ഒരു ഓൺലൈൻ ചാറ്റിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ചാറ്റിങ്ങിലൂടെ സംശയ നിവാരണം വരുത്തുകയും, നിർദ്ദേശങ്ങൾ തേടാവുന്നതുമാണ്.<br>സംസ്ഥാനത്ത് 2011 ഏപ്രിലിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് നിരീക്ഷണ സൂചകങ്ങളും (Monitoring Indicators-Static indicators) പദ്ധതിയുടെ വാർഷികാവലോകനം സാധ്യമാക്കുന്നതിന് ഡൈനാമിക് ഇൻഡിക്കേറ്റേഴ്സും (31 എണ്ണം) 'നിരീക്ഷണ'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം കാര്യങ്ങളിലാണ് നിരീക്ഷണം നടത്തി പരിഹാരമുണ്ടാക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | വിദ്യാഭ്യാസ അവകാശം സംബന്ധിച്ച പരാതികളിന്മേൽ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെയും (സി.പി.സി.ആർ. ആക്ട്, 2005), ആർ.ടി.ഇ. ആക്ട്, 2009 എന്നിവ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് അന്വേഷണ വിചാരണ നടത്തി പരിഹാരം നൽകുന്നതും കമ്മീഷന് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളിൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തേയ്ക്ക് ശുപാർശ നൽകുന്നതും ആയ സമ്പ്രദായമാണ് കമ്മീഷൻ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ